**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **14-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം മുടങ്ങിയിട്ട് മാസങ്ങളായി എന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മണ്ണെണ്ണ വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; മണ്ണെണ്ണ ഡീലർമാരുടെയും റേഷൻ കട ലൈസൻസികളുടെയും യോഗങ്ങൾ വിളിച്ച് ചേർത്ത് ഇക്കാര്യങ്ങൾ ചർച്ച ചെയ്തിരുന്നോ; യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ മണ്ണെണ്ണ വിഹിതത്തിൽ വരുത്തിയ കുറവാണ് പ്രതിസന്ധിയ്ക്ക് കാരണം. കാലാകാലങ്ങളായി സംസ്ഥാനത്തിനുള്ള മണ്ണെണ്ണവിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു വരികയാണ്. AAY കാർഡുകൾക്ക് എല്ലാ മാസവും 1 ലിറ്റർ മണ്ണെണ്ണയും പ്രയോറിറ്റി കാർഡുകൾക്ക് അര ലിറ്റർ മണ്ണെണ്ണയും നൽകുന്നതിന് ഒരു മാസം 2400 കി.ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ പാദത്തിനും (3 മാസത്തിലൊരിക്കൽ) സബ്സിഡി ക്വാട്ടയിൽ 1944 KL വീതം മണ്ണെണ്ണ അനുവദിച്ചിരുന്ന സ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 780 KL മണ്ണെണ്ണ മാത്രമാണ് അനുവദിച്ചത്. മണ്ണെണ്ണ മൊത്തവ്യാപാരി കളുടെയും റേഷൻ വ്യാപാരികളുടെയും നിസ്സഹകരണത്തെ തുടർന്ന് മണ്ണെണ്ണ വിട്ടെടുക്കുന്നതിലും വിതരണത്തിലും പ്രതിസന്ധി നേരിട്ടുന്നുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവുണ്ടായതിനാൽ മണ്ണെണ്ണ വിട്ടെടുക്കുന്നതും വിതരണം നടത്തുന്നതും മണ്ണെണ്ണ മൊത്ത വ്യാപാരികൾക്കും റേഷൻ വ്യാപാരികൾക്കും സാമ്പത്തിക ബാദ്ധ്യത വരുത്തിവെയ്ക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്.<br><br>മണ്ണെണ്ണ വിതരണത്തിലെ പ്രതിസന്ധി സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 29/05/2024 ന് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ മണ്ണെണ്ണ ലൈസൻസ് പുതുക്കുന്നതിലെ സങ്കീർണ്ണത ലഘൂകരിക്കുന്നതിന് ലാന്റ് റവന്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ചില റേഷൻ കടകളിലേക്ക് മണ്ണെണ്ണ വിതരണം ഏകീകരിച്ച് ക്രമീകരിക്കുന്ന വിഷയം |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തിലെ അവശേഷിക്കുന്ന രണ്ടു പാദങ്ങളിലെ മണ്ണെണ്ണ ഒരുമിച്ച് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനും തീരുമാനം കൈക്കൊള്ളുകയുണ്ടായി. പഞ്ചായത്ത് അടിസ്ഥാനത്തിൽ റേഷൻ കടകളിലേക്ക് മണ്ണെണ്ണ വിതരണം ഏകീകരിച്ച് ക്രമീകരിക്കുന്നതു സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിച്ച ശുപാർശ പരിശോധിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിലെ അവശേഷിക്കുന്ന രണ്ടു പാദങ്ങളിലെ മണ്ണെണ്ണ ഒരുമിച്ച് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മൂന്നാം പാദത്തേക്കു മാത്രമായി മണ്ണെണ്ണ അനുവദിക്കുകയുണ്ടായി. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷം ഓഗസ്റ്റ് 31 വരെയും എത്ര ലിറ്റർ റേഷൻ മണ്ണെണ്ണയാണ് കേരളത്തിനു കേന്ദ്ര വിഹിതമായി ലഭിച്ചത്; കൃത്യമായി വിഹിതം നേടിയെടുക്കുന്നതിൽ കേരളത്തിനു വീഴ്ച ഉണ്ടായിട്ടുണ്ടോ; വിഹിതം പാഴാക്കിയെന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നഷ്ടപ്പെട്ട വിഹിതം തിരികെ ലഭിക്കാൻ എന്തു നടപടികളാണു സ്വീകരിച്ചത്; | (ബി) | റേഷൻ വിതരണത്തിനുള്ള പി.ഡി.എസ് മണ്ണെണ്ണ ഒരു സാമ്പത്തിക വർഷത്തിൽ നാലു പാദങ്ങളിലായാണ് അനുവദിച്ചു വരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഓരോ പാദത്തിലും 1,944 KL വീതം ആകെ 7,776 KL മണ്ണെണ്ണ അനുവദിച്ച സ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷത്തിൽ ഓരോ പാദങ്ങളിലും 780 KL വീതം മൂന്നു പാദങ്ങളിലായി (2024 ഡിസംബർ വരെ) 2340 KL മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. മണ്ണെണ്ണയുടെ ഉപയോഗം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷത്തിലും അളവ് കുറച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. ഇക്കാരണത്താൽ മണ്ണെണ്ണ മൊത്തവ്യാപാരികൾ വ്യാപാരമുപേക്ഷിച്ചു പോകുന്ന സ്ഥിതിയും വളരെ കുറഞ്ഞ അളവിലുള്ള മണ്ണെണ്ണ മൊത്തവ്യാപാര ഡിപ്പോകളിൽ പോയി വിട്ടെടുക്കുന്നത് റേഷൻവ്യാപാരികൾക്ക് സാമ്പത്തിക നഷ്ടവുമാകയാൽ അവർ മണ്ണെണ്ണ വിട്ടെടുക്കുന്നതിന് തയ്യാറാകാത്ത സാഹചര്യവും നിലവിൽ ഉണ്ട്. മണ്ണെണ്ണ മൊത്തവ്യാപാരികൾ കുറയുന്നതു മൂലം റേഷൻ വ്യാപാരികൾ ദൂരെയുള്ള മൊത്തവ്യാപാര ഡിപ്പോകളിൽ പോയി വിട്ടെടുക്കേണ്ട സാഹചര്യമുണ്ടാകുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. വിട്ടെടുക്കാൻ ബാക്കി വന്ന മണ്ണെണ്ണയുടെ വിട്ടെടുപ്പിന് സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്നും ഈ സാമ്പത്തിക വർഷത്തിലെ അവശേഷിക്കുന്ന പാദങ്ങളിലെ മണ്ണെണ്ണ ഒരുമിച്ച് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല തീരുമാനം ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് മണ്ണെണ്ണ പെർമിറ്റ് ഉള്ള മത്സ്യബന്ധനയാനങ്ങൾ എത്രയെണ്ണമാണ് ഉള്ളതെന്ന വിവരം ഫിഷറീസ് വകുപ്പ് അറിയിച്ചിട്ടുണ്ടോ; ഇവയ്ക്ക് എത്ര ലീറ്റർ മണ്ണെണ്ണയാണ് കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും സിവിൽ സപ്ലൈസ് വകുപ്പ് ക്വോട്ടയായി അനുവദിച്ചിരിക്കുന്നത്; ഇതിൽ എത്രയാണ് ഇതു വരെ വിതരണം ചെയ്തത്; | (സി) | ഫിഷറീസ് വകുപ്പിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധനയാനങ്ങൾക്ക് നൽകുന്ന 14,434 പെർമിറ്റുകളാണ് നിലവിലുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ 3300 KL നോൺ സബ്സിഡി മണ്ണെണ്ണ സംസ്ഥാനത്തിന് ലഭ്യമായതിൽ 3192.579 KL മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുകയും ആയതിൽ 3157.009 KL മണ്ണെണ്ണ വിതരണം ചെയ്യുകയുമുണ്ടായി. 2024-25 സാമ്പത്തിക വർഷത്തിൽ 648 KL നോൺ സബ്സിഡി മണ്ണെണ്ണ സംസ്ഥാനത്തിന് ലഭ്യമായതിൽ 647.033 KL മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുകയും ആയതിൽ 643.546 KL മണ്ണെണ്ണ വിതരണം ചെയ്യുകയുണ്ടായി. |
| (ഡി) | മണ്ണെണ്ണ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഈയിടെ വിളിച്ച ചേർത്ത യോഗത്തിൽ കേരളത്തിൽ നിന്നു പ്രതിനിധി പങ്കെടുത്തിരുന്നോ; എന്താണ് യോഗത്തിൽ ഉണ്ടായ തീരുമാനം; കേരളത്തിനു നഷ്ടപ്പെട്ട വിഹിതം തിരികെ കിട്ടാൻ എന്തെങ്കിലും ആവശ്യം ഈ യോഗത്തിൽ കേരളം ഉന്നയിച്ചിരുന്നോ; | (ഡി) | സംസ്ഥാനത്തിനുള്ള മണ്ണെണ്ണ അലോട്ട്മെന്റ് സംബന്ധിച്ചുള്ള നയ രൂപീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിൽ വച്ച് 05/09/2024 ന നടന്ന യോഗത്തിൽ കേരളത്തിൽ നിന്നുള്ള പ്രതിനിധി പങ്കെടുത്തിരുന്നു. കേരളം നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്ന അടിക്കടിയുള്ള പ്രകൃതിദുരന്തം, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ എന്നിവ ചൂണ്ടിക്കാണിച്ച് സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വർദ്ധിച്ച വരുന്ന LPG ഉപഭോഗം, സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ച കണക്ക്, മണ്ണെണ്ണയുടെ മലിനീകരണ സ്വഭാവം എന്നിവ ചൂണ്ടിക്കാട്ടി മണ്ണെണ്ണ അലോട്ട്മെന്റ് കുറയ്ക്കണമെന്ന നിർദ്ദേശവും അതിനനുസരിച്ചുള്ള വിവരങ്ങൾ സംസ്ഥാനത്തിനോടാവശ്യപ്പെടുന്ന സമീപന വുമാണ് കേന്ദ്ര സർക്കാരിൽ നിന്നുണ്ടായത്. |
| (ഇ) | മണ്ണെണ്ണ വിഹിതത്തിലെ നഷ്ടം പരിഹരിക്കാൻ കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രമന്ത്രിമാരുടെ ശ്രദ്ധയിൽപെടുത്താൻ സംസ്ഥാന സർക്കാർ ശ്രമം നടത്തിയിട്ടുണ്ടോ? | (ഇ) | സംസ്ഥാനത്തിന് ആവശ്യമായ മണ്ണെണ്ണ വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. ഇക്കാര്യം മന്ത്രി തലത്തിലും വകുപ്പുമേധാവി തലങ്ങളിലും നിരവധി തവണ കേന്ദ്രമന്ത്രാലയവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ